# പതിമൂന്നാം കേരള നിയമ സഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ..2409 08.12. .2015-ൽ മറുപടിക്ക്.

## കൊല്ലം ജില്ലയിലെ അക്ഷയ സംരംഭകർ

**ചോദ്യം**
**ശ്രീമതി.പി. അയിഷാ പോറ്റി**

**മറുപടി**
**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ എത്ര അക്ഷയ സംരംഭകർ ഉണ്ട്; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കൊല്ലം ജില്ലയിൽ 158 അക്ഷയ സംരംഭകർ ഉണ്ട്. അവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. |
| (ബി) | സർക്കാരിന് സേവനങ്ങൾ ലഭ്യമാക്കിയ ഇനത്തിൽ പ്രസ്തുത സംരംഭകർക്ക് ഇനിയും ലഭ്യമാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | അക്ഷയകേന്ദ്രങ്ങൾ നൽകിവരുന്ന ചില സേവനങ്ങളുടെ സർവിസ് ചാർജ്ജ് അതാത് വകുപ്പുകൾ അക്ഷയയ്ക്ക് നൽകുന്നതിന് കാലതാമസം നേരിടാറുണ്ട്.ജനസമ്പർക്ക പരിപാടിയുടെ ഡാറ്റാഎൻട്രി ചാർജ്ജ് ഇനത്തിൽ 51,3825/- (അഞ്ച് ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ) കൊല്ലം ജില്ലയിലെ അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള നടപടി പുരോഗമിച്ച് വരുന്നു.<br>കമേർഷ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റിലെ ഇ-ഫയലിംഗ്സർവ്വീസ്ചാർജ്ജായി അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള 138054 രൂപയും (ഒരു ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി അൻപത്തി നാല് രൂപ) പ്രസ്തുത സംരംഭകർക്ക് അനുവദിയ്ക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (സി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽപ്പെട്ട നെടുമൺകാവ് കേന്ദ്രമാക്കി അക്ഷയ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽപ്പെട്ട നെടുമൺകാവ് എന്ന സ്ഥലത്ത് ഒരു അക്ഷയകേന്ദ്രം അനുവദിയ്ക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അനുമതിയോടുകൂടി ഈ അക്ഷയകേന്ദ്രം വാക്കനാട് എന്ന സ്ഥലത്തേക്ക് മാറ്റി പ്രവർത്തിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**